# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٤٩٥١٩٠٨٩٥

---

**തീയതി: 20/04/2018.**

## വിഷയം: " ID സൂക്ഷിക്കുക "

---

ഇസ്റാഅ് മിഅ്റാജിന്റെ പാഠങ്ങളെ കുറിച്ചാണ് കഴിഞ്ഞ ആഴ്ച പറഞ്ഞത്.

➢ ദീൻ നബി (സ്വ)ക്ക് പകർന്നു കിട്ടിയത് വഹ്‌യിലൂടെയാണ്. ജിബ്‌രീൽ (അ) എത്തിച്ചുകൊടുത്ത വഹ്‌യിലൂടെയാണ് നബി(സ്വ) റസൂലായതും ദീൻ പൂർണ്ണമായതും.

نَزَلَ بِهِ الرُّوحُ الْأَمِينُ ۞ عَلَى قَلْبِكَ لِتَكُونَ مِنَ الْمُنذِرِينَ۞

﴿الشعراء: ١٩٢،١٩٣﴾

➢ ഇസ്‌ലാമിന്റെ മർമ്മമായ തൗഹീദ് നബി(സ്വ)യെയും മനുഷ്യകുലത്തെയും പഠിപ്പിച്ചതും ഇതേ വഹ്‌യിലൂടെയാണ്.

പ്രഥമ വഹ്‌യിൽതന്നെ സൃഷ്ടികർമ്മം ചെയ്യുന്നവനാരോ അവനാണ് റബ്ബെന്നും അവന്റെ നാമധേയത്തിലാണ് മനുഷ്യന്റെ സർവ്വ പ്രവർത്തനങ്ങളും ഉണ്ടാകേണ്ടതെന്നും അല്ലാഹു പഠിപ്പിച്ചു.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ۞ خَلَقَ الْإِنْسَانَ مِنْ عَلَقٍ۞ ﴿العلق﴾

ആരാധനകളുടെ അവസ്ഥയും ഇതുതന്നെയാണ്. ഹി: രണ്ടാം വർഷം ശഅ്ബാനിലാ ണ് നോമ്പ് നിർബന്ധമാക്കിക്കൊണ്ട് വഹ്‌യ അവതരിച്ചത്.

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ۞ ﴿البقرة:١٨٣﴾

ഹി: 6–ാം വർഷമാണ് ഹജ്ജ് ഫർളാക്കിയത്. (ഫത്ഹുൽമുഈൽ) ഇതും വഹ്‌യിലൂടെയായിരുന്നു. ഇങ്ങനെ വിശ്വാസം, ആരാധന, സാമ്പത്തീകം, സാംസ്കാരിക നിയമങ്ങൾ എല്ലാം നിലവിൽ വന്നത് വഹ്‌യിലൂടെയായിരുന്നു.

➢ ഇതിൽ നിന്ന് വ്യത്യസ്തമായി ജിബ്‌രീൽ എന്ന മധ്യസ്ഥൻ ഇല്ലാതെ അല്ലാഹു നേരി ട്ട് നൽകിയ ഏകകാര്യം നിസ്ക്കാരം മാത്രമാണ്. അതിനുവേണ്ടി നബി(സ്വ)യെ നേരിട്ട് വിളിച്ചുവരുത്തി. ഇതാണ് മിഅ്റ്ജ്.

.....فَفَرَضَ عَلَيَّ خَمْسِينَ صَلَاةً فِي كُلِّ يَوْمٍ وَلَيْلَةٍ .......حَتَّى قَالَ يَا مُحَمَّدُ إِنَّهُنَّ خَمْسُ صَلَوَاتٍ كُلَّ يَوْمٍ وَلَيْلَةٍ لِكُلِّ صَلَاةٍ عَشْرٌ فَذَلِكَ خَمْسُونَ صَلَاةً (مسلم)

തൗഹീദു മുതൽക്ക് സർവ്വതും വഹ്‌യിലൂടെ നൽകിയപ്പോഴാണ് ഈ നേരിട്ടുള്ള നിശ്ചയം. മറ്റെല്ലാം ഭൂതലത്തിൽ വെച്ച് നിയമമാക്കപ്പെട്ടപ്പോൾ നിസ്ക്കാരം സ്വിദ്റത്തുൽ മുന്തഹക്കുമപ്പുറം വെച്ച് പരമോന്നത പുരസ്കാരമായി നൽകി. ഇതെല്ലാം നിസ്ക്കാരത്തിന്റെ അതിപ്രധാന്യത്തെസൂചിപ്പിക്കുന്നു.

➢ **അല്ലാഹു നേരിട്ട് നൽകിയ ഈ കർമ്മം ഒരു മുസൽമാന്റെ തിരിച്ചറിയൽ രേഖ ആകുന്നു.** ID ഇല്ലാതെ ഒന്നും നടക്കാത്ത കാലമാണിത്. ആധാർ സർവ്വതിനും നിർബന്ധമാക്കുന്നു. അതില്ലാത്തവർ പൗരത്വമില്ലാത്തവരാകും. അവർക്ക് അവകാശങ്ങൾ മാത്രമല്ല രാജ്യത്ത് ജീവിക്കാൻ തന്നെ കഴിയാതാകും.

മ്യാന്മറിൽ ആദ്യം മുസ്‌ലിംകൾക്ക് പൗരത്വം ഇല്ലാതാക്കി. ശേഷം അത്തരക്കാരെ പുറന്തള്ളാൻ കലാപങ്ങൾ അഴിച്ചുവിട്ടു. ID ഇല്ലാതായാലുള്ള ഗുരുതരാവസ്ഥയുടെ നേർരേഖയാണിത്. എന്നാൽ മതത്തിൽ ശരിയായ മെമ്പർ ആണെന്നതിന്റെ അടയാളമായി അല്ലാഹുവും റസൂൽ(സ്വ)യും നിശ്ചയിച്ചത് നിസ്ക്കാരമാണ്.

تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا ۖ سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ۚ ﴿فتح: ٢٩﴾

عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ، عَنْ أَبِيهِ، قَالَ قَالَ رَسُولُ اللَّهِ ﷺ الْعَهْدُ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلَاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ (نسائي) عن جابِرِ سَمِعْتُ النَّبِيَّ ﷺ يَقُولُ إِنَّ بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكَ الصَّلَاةِ (مسلم) عَنْ عَبْدِ اللَّهِ بْنِ شَقِيقٍ قَالَ كَانَ أَصْحَابُ مُحَمَّدٍ ﷺ لَا يَرَوْنَ شَيْئًا مِنَ الْأَعْمَالِ تَرْكُهُ كُفْرٌ غَيْرَ الصَّلَاةِ (ترمذي)

(ഇതെല്ലാം നിസ്ക്കാരത്തിന്റെ വുജൂബിനെ നിഷേധിക്കുന്നവരെ കുറിച്ചാണ്. അല്ലെങ്കിൽ അതുവഴി കുഫ്‌റിലേക്കെത്താൻ കാരണമാകും എന്നാണ്.) ചുരുക്കത്തിൽ നിസ്ക്കാരം ID യാണ്. അത് നഷ്ടപ്പെടാതെ സൂക്ഷിക്കണം.

➢ **എല്ലാവിധ നന്മകളുടെയും കേന്ദ്രമാണ് എന്നതും നിസ്ക്കാരത്തിന്റെ പ്രത്യേകതയാണ്.**

ഇസ്‌ലാമിലെ സർവ്വനന്മകളും നിസ്കാരത്തിൽ ഒരുമിച്ചുകൂടിയിട്ടുണ്ട്. ഒന്നാമതായി ശുചിത്വം നിർബന്ധമാണ്. ചെറുതും വലുതുമായ അശുദ്ധികളിൽ നിന്ന്

നിസ്ക്കാരക്കാരൻ ശുദ്ധിയായിരിക്കും. നജസിൽ നിന്ന് ശരീരം, വസ്ത്രം, സ്ഥലം ശുചിയാകണം. അപ്പോൾ തന്നെ 50% പൂർത്തിയായി.

عَنْ أَبِي مَالِكٍ الْأَشْعَرِيِّ قَالَ ﷺ الطُّهُورُ شَطْرُ الْإِيمَانِ(مسلم)

ഇത് 5 നേരം ആകുമ്പോൾ അയാളിൽ ഒന്നും അവശേഷിക്കില്ല.

ശരീരം മാത്രമല്ല മനസ്സും ശുദ്ധിയാകും. തക്ബീറത്തുൽ ഇഹ്റാമിലൂടെ അല്ലാഹു അല്ലാത്തതിനെ പുറം കൈകൊണ്ട് പുറകോട്ട് തട്ടിക്കളയുന്നു. അല്ലാഹുവിന്റെ താൽപര്യങ്ങളെ അവൻ കെട്ടുപ്പുണരുന്നു. കണ്ണുകളെ സുജൂദിന്റെ സ്ഥാന ത്ത് ഉറപ്പിക്കുന്നു. മുമ്പിൽ അല്ലാഹു മാത്രം...

തുടർന്ന് അല്ലാഹുവുമായി അവൻ മുനാജാത്ത് നടത്തുന്നു. നേരിട്ട് സംസാരിക്കുന്നു.

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۞ اهْدِنَا الصِّرَاطَ الْمُسْتَقِيمَ

അപ്പോൾ അല്ലാഹു ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്നു.

عَنْ أَبِي هُرَيْرَةَ ، سَمِعْتُ رَسُولَ ﷺ ، يَقُولُ قَالَ اللَّهُ تَعَالَى قَسَمْتُ الصَّلَاةَ بَيْنِي وَبَيْنَ عَبْدِي نِصْفَيْنِ ، وَلِعَبْدِي مَا سَأَلَ، فَإِذَا قَالَ الْعَبْدُ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ، قَالَ اللَّهُ تَعَالَى : حَمِدَنِي عَبْدِي ، وَإِذَا قَالَ : الرَّحْمَنِ الرَّحِيمِ ، قَالَ اللَّهُ تَعَالَى : أَثْنَى عَلَيَّ عَبْدِي، وَإِذَا قَالَ : مَالِكِ يَوْمِ الدِّينِ، قَالَ : مَجَّدَنِي عَبْدِي ، فَإِذَا قَالَ: إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ، قَالَ : هَذَا بَيْنِي وَبَيْنَ عَبْدِي ، وَلِعَبْدِي مَا سَأَلَ ، فَإِذَا قَالَ :اهْدِنَا الصِّرَاطَ۞ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ۞:هَذَا لِعَبْدِي وَلِعَبْدِي مَا سَأَلَ (مسلم)

റുകൂഅ്, സുജൂദ് തുടങ്ങിയ ഇബാദത്തുകൾ ഉള്ള കർമ്മം നിസ്ക്കാരം മാത്രമാണ്. മറ്റൊന്നിലുമില്ല. ഖുർആൻ പാരായണം, ദിക്ർ, സ്വലാത്ത്, സത്യവിശ്വാസികൾക്കുവേണ്ടിയുള്ള ദുആ ഇതെല്ലാം ഒന്നായി മേളിച്ചിരിക്കുന്നു.

السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ

ഇത് ലോക മുസ്ലിംകൾക്കുവേണ്ടിയുള്ള ദുആയാണ്. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും, ഈ ഉമ്മത്തിനും മുൻസമുദായത്തിനും ആകമാനം വേണ്ടിയുള്ള ദുആ.

മറ്റുള്ളവരുടെ ദുആ നമുക്കും ലഭിക്കും. നാം സ്വാലിഹ് ആണെങ്കിൽ. അതി ന് അനിവാര്യമായത് നിസ്ക്കാരമാണ്.

ലോകത്തെവിടെയായാലും നിസ്ക്കാരം ഖിബ്‌ലക്ക് തിരിഞ്ഞാകണം. ഒരു കഅ്ബ, ഒറ്റ ജനത. ഇതുവഴി നാം ലോക മുസ്‌ലിംകളുമായി ഐക്യപ്പെടുന്നു. മരണസമയം ഖിബ്‌ലക്ക് തിരിഞ്ഞ് കിടന്നു മരിക്കേണ്ട നാം ദിനേന 5 നേരം അതിലേക്ക് തിരിഞ്ഞ് മോശമായ മരണത്തെ തൊട്ട് കാവൽ തേടുന്നു.

وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ

ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ നീങ്ങുന്ന ദജ്ജാലുകളെ തൊട്ട് അഭയം തേടലാണ് അവസാനം നടക്കുന്നത്.

وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

ചുരുക്കത്തിൽ സർവ്വമാന നന്മകളും ഒരുമിച്ച് കൂടിയ ഒരു അസാധാരണ ആരാധനയാണ് നിസ്ക്കാരം.

أَلَا فِي الصَّلَاةِ الْخَيْرُ وَالْفَضْلُ أَجْمَعُ؛ لِأَنَّ بِهَا الْأَبْدَانَ لِلَّهِ تَخْضَعُ

وَأَوَّلُ فَرْضٍ مِنْ شَرِيعَةِ دِينِنَا ؛ وَآخِرُ مَا يَبْقَى إِذَا الدِّينُ يُرْفَعُ

فَمَنْ قَامَ لِلتَّكْبِيرِ لَاقَتْهُ رَحْمَةٌ ؛ وَكَانَ كَعَبْدٍ بَابَ مَوْلَاهُ يَقْرَعُ

وَصَارَ لِرَبِّ الْعَرْشِ حِينَ صَلَاتِهِ ؛ نَجِيًّا فَيَا طُوبَاهُ لَوْ كَانَ يَخْشَعُ

അതുകൊണ്ട് നിസ്ക്കാരത്തിൽ നല്ല ശ്രദ്ധാലുക്കളാകുക. ഇരുലോക വിജയവും നേടുക.

∆ ∆ ∆